പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 252 11.06.2012 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## രഘുവിന്റെ കൊലപാതകം സംബന്ധിച്ച കേസ്

ചോദ്യം

ശ്രീ. വി. ചെന്താമരാക്ഷൻ

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) പാർലമെന്റ് അംഗമായ കെ. സുധാകരന്റെ ഗൺമാൻ കെ.എസ്.ആർ.ടി.സി. ബസ്സ് യാത്രക്കാരനായ രഘു എന്നയാൾ കൊലചെയ്യപ്പെട്ട കേസ്സിൽ പ്രതിയാണെന്ന് സംശയിക്കപ്പെടുന്നുണ്ടോ; പ്രസ്തുത വ്യക്തി സംഭവം നടക്കുന്നതിനു മുൻപും, ശേഷവും പാർലമെന്റ് അംഗത്തെ ഫോണിൽ വിളിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ എത്ര തവണ ഫോണിൽ ബന്ധപ്പെട്ടുവെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എ) ബഹു: കണ്ണൂർ എം.പി. ശ്രീ. കെ. സുധാകരന്റെ ഗൺമാനായിരുന്ന സതീഷ് KSRTC യാത്രക്കാരനായ രഘുവിനെ കൊലപ്പെടുത്തിയ കേസിൽ പ്രതിയാണ്. ടിയാന്റെ ഫോൺകോൾ ഡീറ്റയിൽസ് പരിശോധിച്ചതിൽ പ്രതിയായ ഗൺമാൻ സംഭവ ദിവസവും കോടതിയിൽ ഹാജരാകുന്ന ദിവസം വരെ ബഹു: എം.പി. യെ വിളിച്ചതായി കാണുന്നില്ല.

(ബി) രഘു എന്നയാളെ കൊലപ്പെടുത്തിയ കേസിലെ പ്രതി, സുധാകരൻ എം.പി. യേയും അതിനുശേഷം സുധാകരൻ എം.പി. മുഖ്യമന്ത്രിയുടെ ആഫീസിലും മുഖ്യമന്ത്രിയുമായും ഫോണിൽ ബന്ധപ്പെട്ടിട്ടുണ്ടായിരുന്നുവോ എന്ന് വിശദമാക്കുമോ?

(ബി) ടി കേസിലെ പ്രതിയായ സതീഷിന്റെ ഫോൺകോൾ ഡീറ്റയിൽസ് പരിശോധിച്ചതിൽ സംഭവ ദിവസവും കോടതിയിൽ ഹാജരാകുന്ന ദിവസം വരെ ബഹു: എം.പി. യെ വിളിച്ചതായി കാണുന്നില്ല. ബഹു: എം.പി. യുടെ ഫോൺ ഡീറ്റയിൽസ് പരിശോധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ